## ബഹിഷ്കരണായുധം പുറത്തെടുക്കുക

**അമേരിക്കൻ**-ഇസ്രയേലി അധിനിവേശ ഭീകരതയെ ചെറുക്കാനുള്ള കരുത്തുറ്റ ആയുധമാണ് ആ രാജ്യങ്ങളുടെയും അവരെ പിന്തുണക്കുന്നവരുടെയും ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കുക എന്നത്. പ്രവാചകനെ അതിനീചമായി അവഹേളിക്കുന്ന കാർട്ടൂണുകളെ ഡച്ച് ഭരണകൂടം ന്യായീകരിച്ചുകൊണ്ടിരുന്നപ്പോൾ ലോക മുസ്‌ലിം സമൂഹം ബഹിഷ്കരണായുധം പുറത്തെടുത്തു. ഡച്ച് ഉൽപ്പന്നങ്ങൾ വാങ്ങാനാളില്ലാതെ സ്റ്റാളുകളിൽ കെട്ടിക്കിടന്നു. മർമത്ത് അടികൊണ്ടപ്പോൾ ഡച്ച് ഗവൺമെന്റ് പത്തി താഴ്ത്തി. ക്ഷമാപണം നടത്തിയും വേണ്ടവരെ പോയി കണ്ടും ഒരുവിധം ബഹിഷ്കരണ കെടുതികളിൽ നിന്ന് തടിയൂരി.




ബഹിഷ്കരണായുധം അതിശക്തമായി പ്രയോഗിക്കേണ്ട സന്ദർഭമാണിത് എന്ന് ഇ-മെയിൽ ഇൻബോക്സുകളിലേക്ക് നിരന്തരം വന്നുകൊണ്ടിരിക്കുന്ന സന്ദേശങ്ങൾ നമ്മെ ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നു. "ഇസ്രയേലിനെ നിർലോഭം പണം നൽകി സഹായിക്കുന്ന കുത്തക കമ്പനികളുടെ ഭക്ഷ്യോൽപന്നങ്ങളാണ് നിങ്ങൾ വാങ്ങുന്നതെങ്കിൽ ഫലസ്ത്വീൻ കുഞ്ഞുങ്ങളുടെ ചോരയും മാംസവുമാണ് നിങ്ങൾ ഭക്ഷിക്കുന്നത്''- ഗസ്സയിലെ ഇസ്രയേലി ഭീകരതയിൽ ചതച്ചരക്കപ്പെട്ട ഫലസ്ത്വീൻ കുഞ്ഞുങ്ങളുടെ ചിത്രങ്ങളോടൊപ്പം വന്ന ഒരു സന്ദേശം.

നിങ്ങൾ ചായക്കോ കോഫിക്കോ ഉപയോഗിക്കുന്ന പാൽപൊടി ഏതാണ്? നിഡോ? എവറെഡി? അല്ലെങ്കിൽ നസ്‌ലെയുടെ മറ്റേതെങ്കിലും ബ്രാൻഡ്? ഏതായാലും നിങ്ങൾ ഇസ്രയേലിനെ സഹായിക്കുകയാണ്. ഇസ്രയേലിനെ എക്കാലവും സാമ്പത്തികമായി സഹായിച്ച പാരമ്പര്യമാണ് നസ്‌ലെ കമ്പനിക്കുള്ളത്. നിങ്ങൾ കിറ്റ്കാറ്റ് ചോക്കലേറ്റോ നെസ്കഫേയോ വാങ്ങുമ്പോൾ അതിലൊരംശം ഫലസ്ത്വീൻ കുഞ്ഞുങ്ങളുടെ നെഞ്ചിലേക്ക് വെടിയുണ്ടയായി പായുന്നു.

മാർക്ക്@സ്പെൻസർ, സ്റ്റാർബക്, ഹ്യൂഗോ ബോസ്, മാക്ഡൊണാൾഡ്സ്, ജോൺസൺ ആന്റ് ജോൺസൺ, ടിംബർലാൻഡ്.... ഇത്തരം ഒട്ടനവധി ബ്രാൻഡുകൾ. ഇവയൊക്കെയും ബഹിഷ്കരിക്കാൻ ലോകത്തെ സമാധാന പ്രേമികൾ തയാറായാൽ അമേരിക്കയുടെയും ഇസ്രയേലിന്റെയും വിളയാട്ടം നിൽക്കും. ഇഛാശക്തിയും ബഹിഷ്കരണം തുടരാനുള്ള സന്നദ്ധതയും ഇടക്ക് വെച്ച് കൈമോശം വരരുത് എന്ന് മാത്രം. Boycott Israel കാമ്പയിൻ നടത്തിക്കൊണ്ടിരുന്ന www.inminds.com എന്ന വെബ്സൈറ്റ് ബഹിഷ്കരിക്കേണ്ട ഉൽപ്പന്നങ്ങളുടെ ലിസ്റ്റ് നിങ്ങൾക്ക് തരും. ഈ പോരാട്ടത്തിൽ പങ്കാളിയാവുക. ■

## പാക് ജമാഅത്തിന് പുതിയ സാരഥി ഏപ്രിൽ ആദ്യവാരത്തിൽ


മുനവ്വർ ഹസൻ

**പാകിസ്താൻ** ജമാഅത്തെ ഇസ്‌ലാമിയുടെ പുതിയ അധ്യക്ഷനെ തെരഞ്ഞെടുക്കാനുള്ള പ്രക്രിയ വരുന്ന ഏപ്രിൽ ആദ്യവാരത്തോടെ പൂർത്തിയാകും. നിലവിലുള്ള അമീർ ഖാദി ഹുസൈൻ അഹ്മദിന്റെ കാലാവധി ഏപ്രിൽ മാസത്തോടെ അവസാനിക്കും. ആരോഗ്യപരമായ കാരണങ്ങളാൽ തന്റെ പേര് അധ്യക്ഷ സ്ഥാനത്തേക്ക് നിർദേശിക്കരുതെന്ന് അദ്ദേഹം ജമാഅത്ത് കേന്ദ്രകൂടിയാലോചനാ സമിതിയോട് അഭ്യർഥിച്ചിട്ടുണ്ട്.

അധ്യക്ഷ സ്ഥാനത്തേക്ക് മൂന്ന് പേരുകളാണ് കൂടിയാലോചനാ സമിതിയുടെ പരിഗണനയിലുള്ളത്. നിലവിലെ സെക്രട്ടറി ജനറൽ സയ്യിദ് മുനവ്വർ ഹസൻ, ജമാഅത്ത് അസി. അമീർ ലിയാഖത്ത് ബലൂച്, അതിർത്തി പ്രവിശ്യാ അമീർ സിറാജുൽ ഹഖ് എന്നിവർ. അടുത്ത മാസം ഇവരുടെ പേരുകൾ രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറുകൾ അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യും. ഏപ്രിലിനുമുമ്പ് വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറുകൾ തിരിച്ചേൽപിക്കണം.

ജമാഅത്ത് ഭരണഘടനയനുസരിച്ച്, ഏറ്റവും കൂടുതൽ വോട്ട് നേടുന്ന ആളായിരിക്കും അമീറാവുക. ബാലറ്റ് പേപ്പറിൽ രേഖപ്പെടുത്തിയ മൂന്ന് പേർക്ക് തന്നെ വോട്ട് ചെയ്യണമെന്നില്ല. ജമാഅത്ത് അംഗത്വമുള്ള ഏതൊരാളെയും അമീർ സ്ഥാനത്തേക്ക് നിർദ്ദേശിക്കാവുന്നതും വോട്ട് ചെയ്യാവുന്നതുമാണ്.

അഞ്ചുവർഷം കൂടുമ്പോഴാണ് അമീറിനെ തെരഞ്ഞെടുക്കുക. 1941 മുതൽ 1972 വരെ ജമാഅത്തിനെ നയിച്ചത് അതിന്റെ സ്ഥാപകനേതാവായ മൗലാനാ മൗദൂദിയായിരുന്നു. ആരോഗ്യപരമായ കാരണങ്ങളാൽ മൗലാനാ മൗദൂദി സ്ഥാനമൊഴിഞ്ഞപ്പോൾ മിയാൻ തുഫൈൽ മുഹമ്മദ് അമീറായി. 1987 മുതൽ ഖാദി ഹുസൈനാണ് അമീർ. ■

## 'സമരസം' വീടുകൾ

**തമിഴ്നാട്** റിലീഫ് കമ്മിറ്റി (TNCR) നിർമിച്ച 38 വീടുകൾ വില്ലുപുരം ജില്ലയിലെ സുനാമി ദുരിതബാധിത കുടുംബങ്ങൾക്ക് കൈമാറി. ജില്ലാ കലക്ടർ ആർ. പളനി സ്വാമിയാണ് ചടങ്ങ് ഉദ്ഘാടനം ചെയ്തത്. തമിഴ്നാട് ജമാഅത്തെ ഇസ്‌ലാമി അമീർ ശബീർ അഹ്മദ് അധ്യക്ഷത വഹിച്ചു. ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതിയംഗം എച്ച്. അബ്ദുർറഖീബ് സംസാരിച്ചു.

കൊട്ടകുപ്പം ഗ്രാമത്തിലെ മത്സ്യത്തൊഴിലാളികളല്ലാത്ത സുനാമി ദുരിതബാധിതർക്കാണ് വീടുകൾ നൽകിയത്. ഒരേക്കറിലധികം സ്ഥലത്ത് 325 ചതുരശ്ര അടിയിലാണ് വീടുകൾ നിർമിച്ചത്. നിർമാണച്ചെലവ് ഒന്നേകാൽ കോടി രൂപ. ഈ ഗൃഹസമുച്ചയത്തിന് 'സമരസം' (സൗഹൃദം) എന്ന് പേരിട്ടു. ■


## സ്ഫോടനമോ, പ്രതികൾ ഗോവന്ദിക്കാർ തന്നെ!

**മുംബൈയിലോ** മാലേഗാവിലോ മഹാരാഷ്ട്രയിലെ മറ്റേതെങ്കിലും പ്രദേശത്തോ സ്ഫോടനം നടന്നാൽ ഗോവന്ദി നിവാസികൾക്ക് നിൽക്കപ്പൊറുതി ഉണ്ടാവില്ല. ഇന്റലിജൻസ് ഏജൻസികൾ ഉടൻ അവിടെ എത്തും. 'പ്രതികളെ' പൊക്കുകയും ചെയ്യും. കിഴക്കൻ മുംബൈയിൽ മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന ഗല്ലികളിലൊന്നാണ് ഗോവന്ദി. എത്രയോ കിലോമീറ്ററുകൾക്ക് അപ്പുറമാണ് ബോംബ് സ്ഫോടനമെങ്കിലും ഗോവന്ദിയിലെ മുസ്‌ലിം ചെറുപ്പക്കാരെ തേടി പോലീസ് എത്തിയിരിക്കും. ശുദ്ധജല വിതരണം പോലും താറുമാറായ വൃത്തിഹീനമായ ഈ തെരുവ് ക്രിമിനലുകളുടെ വളർത്തു കേന്ദ്രമാണ് എന്നാണ് പോലീസ് ഭാഷ്യം. ■

മുദ്രകൾ

# ലോക സംഭവങ്ങൾ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ

**ന്യൂദൽഹിയിൽനിന്ന്** പുതിയൊരു ഇംഗ്ലീഷ് മാസിക കൂടി- Islam, Muslims & the World. അലീഗഢ് മുസ്‌ലിം സർവകലാശാലയിൽവെച്ച് അതിന്റെ വൈസ് ചാൻസലർ പ്രഫ. അബ്ദുൽ അസീസാണ് മാസിക പ്രകാശനം ചെയ്തത്. വൈജ്ഞാനിക ഉള്ളടക്കംകൊണ്ടും സമീപനത്തിലെ വ്യത്യസ്തത കൊണ്ടും വേറിട്ട്നിൽക്കുന്ന ഇതുപോലൊരു മാസിക പ്രകാശനം ചെയ്യപ്പെടേണ്ടത് അലീഗഢ് പോലുള്ള വൈജ്ഞാനിക കേന്ദ്രത്തിൽ തന്നെയാണെന്ന് പ്രഫ. അസീസ് പറഞ്ഞു.


ഡോ. ജാവേദ് ജമീൽ

പേര് സൂചിപ്പിക്കുന്നതുപോലെ ലോക സംഭവങ്ങളിൽ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും വീക്ഷണകോൺ സമർപ്പിക്കുക എന്നത് തന്നെയാണ് മാഗസിന്റെ ലക്ഷ്യം. കെട്ടും മട്ടും ഉള്ളടക്കവും അതിന് തക്കവിധം നിലവാരം പുലർത്തിയിട്ടുണ്ടെന്ന് പ്രകാശന ചടങ്ങിൽ സംബന്ധിച്ചവർ സാക്ഷ്യപ്പെടുത്തി. ചിന്തകനും ഗ്രന്ഥകാരനുമായ ഡോ. ജാവേദ് ജമീലാണ് ചീഫ് എഡിറ്റർ.

എന്തിന് ഇത്തരമൊരു മാഗസിൻ? അദ്ദേഹം തന്നെ പറയട്ടെ: "ലോകസംഭവങ്ങളെയും വിവിധ ലോകവേദികളും രാഷ്ട്രങ്ങളും സ്വീകരിക്കുന്ന നയനിലപാടുകളെയും ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ മുസ്‌ലിംകൾ അവലോകനം ചെയ്യേണ്ട സമയമായിരിക്കുന്നു. പക്ഷപാതിത്വം ബാധിച്ച കണ്ണുകളോടെ അവർ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും വിലയിരുത്തിക്കോട്ടെ എന്നുവെക്കരുത്. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പ്രശ്നമായല്ല, പരിഹാരമായാണ് ഇതിൽ സമർപ്പിക്കുന്നത്. ഇന്ന് ലോകത്തെ നിയന്ത്രിക്കുന്നത് സാമ്പത്തിക മൗലികവാദമാണ്. കമ്പോളശക്തികളാണ് ഏത് ശരി, ഏത് തെറ്റ് എന്ന് തീരുമാനിക്കുന്നത്. ലോക നാഗരികതയെ നാശത്തിന്റെ വക്കിൽ കൊണ്ടെത്തിച്ച ഈ പോക്കിനെതിരെ ലോകമതങ്ങൾ ഒന്നിച്ച് അണിനിരക്കേണ്ടിയിരിക്കുന്നു. അതിലേക്കുള്ള ഒരു എളിയ ശ്രമമാണിത്."

"മദ്യം, ചൂതാട്ടം, അസാന്മാർഗിക ലൈംഗിക ജീവിതം എന്നിവ കാരണമായി ഒരു വർഷം, ഭീകരാക്രമണത്തിൽ കൊല്ലപ്പെടുന്നവരേക്കാൾ അധികം ആളുകൾ മരിക്കുന്നുണ്ട്. പക്ഷേ, കമ്പോളശക്തികളുടെ നിയന്ത്രണത്തിലുള്ള മീഡിയ അത്തരം തിന്മകളിലേക്കൊന്നും കണ്ണ് തുറക്കുകയില്ല. ചില അതിക്രമങ്ങളിലേക്ക് മാത്രം ജനശ്രദ്ധ തിരിക്കുകയാണ് അവർ" - ഡോ. ജാവേദ് ജമീൽ പറഞ്ഞു.

doctorforu123@yahoo.com, adilsar@gmail.com എന്നീ വിലാസങ്ങളിൽ ബന്ധപ്പെട്ടാൽ വിശദാംശങ്ങൾ ലഭിക്കും. ■

# ഐക്യനാടുകൾ ആറ് കഷ്ണങ്ങളാവുമെന്ന്!

**2010ൽ** അമേരിക്കൻ ഐക്യനാടുകൾ ആറ് കഷ്ണങ്ങളായി വിഭജിക്കപ്പെടുമെന്ന് പ്രവചിച്ചുകൊണ്ട് ഒരു റഷ്യൻ രാഷ്ട്രീയ വിദഗ്ധൻ പുതിയ ഭൂപടം വരച്ചു. ഇപ്പോഴത്തെ ഘടനയിൽ അടുത്ത വർഷം അമേരിക്ക ഉണ്ടാവില്ല എന്നാണ് അദ്ദേഹം പറയുന്നത്. ധാർമികമായും സാമ്പത്തികമായും തകരുന്നതോടെ അമേരിക്ക ആഭ്യന്തരയുദ്ധത്തിലേക്ക് വഴുതിവീഴുമെന്നും അത് രാഷ്ട്ര വിഭജനം അനിവാര്യമാക്കുമെന്നുമാണ് വാദം. എന്നാൽ അമേരിക്ക തകരാനുള്ള സാധ്യത 45 ശതമാനം മുതൽ 55 ശതമാനം വരെ മാത്രമാണെന്നും അദ്ദേഹം പറയുന്നുണ്ട്. അമേരിക്കയിലെ *വാൾസ്ട്രീറ്റ് ജർണലാണ്* വാർത്ത റിപ്പോർട്ട് ചെയ്തത്.

റഷ്യൻ-അമേരിക്കൻ ബന്ധങ്ങളെ സൂക്ഷ്മമായി പഠിക്കുന്ന ഈഗോർ ബനറീൻ എന്ന വിദഗ്ധനാണ് പ്രവചനം നടത്തിയത്. റഷ്യൻ വിദേശകാര്യ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നയതന്ത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലവൻ കൂടിയാണ് ഈഗോർ. സാമ്പത്തികവും ധാർമികവുമായ തകർച്ച, തുടർന്ന് അമേരിക്കയിൽ നിന്നുള്ള കൂട്ടപ്പലായനം, ഡോളറിന്റെ മൂല്യത്തകർച്ച തുടങ്ങിയ കാരണങ്ങളാവും ആഭ്യന്തരയുദ്ധത്തിന് കാരണമാവുക എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഡോളറിനെ അവലംബിക്കുകയും വാഷിംഗ്ടനുമായി വലിയ തോതിൽ വ്യാപാരം നടത്തുകയും ചെയ്യുന്ന റഷ്യയെ അമേരിക്കയുടെ പതനം നന്നായി ഉലക്കുമെന്നും അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. ■

# ദയൂബന്തിനെ ഭീകരതയുമായി കണ്ണിചേർക്കുന്നവരുടെ ഉന്നം



**പാകിസ്താനിലെ** അതിർത്തി സംസ്ഥാനത്തും മറ്റു അതിർത്തി മേഖലകളിലും ഭീകരവാദത്തിന് പ്രചോദനം നൽകുന്നത് ഇന്ത്യയിലെ പ്രശസ്ത ഇസ്‌ലാമിക കലാലയമായ ദയൂബന്ത് ദാറുൽ ഉലൂം ആണെന്ന യു.എൻ രക്ഷാസമിതിയിലെ പാക് സ്ഥിരാംഗം അബ്ദുല്ല ഹുസൈൻ ഹാറൂന്റെ പരാമർശം സൃഷ്ടിച്ച അലയൊലികൾ അടങ്ങിയിട്ടില്ല. നിരുത്തരവാദപരവും വാസ്തവവിരുദ്ധവുമായ ഈ പ്രസ്താവനയെ ഇരു രാജ്യങ്ങളിലുമുള്ള പ്രമുഖർ രൂക്ഷമായ ഭാഷയിൽ വിമർശിച്ചു. ഇന്ത്യൻ വിദേശകാര്യ വകുപ്പും പ്രതിഷേധത്തിൽ പങ്കുചേർന്നു.

പാക് ജംഇയ്യത്തുൽ ഉലമയുടെ പ്രസിഡന്റായ മൗലാന ഫസ്‌ലുർറഹ്മാൻ, ഇത് പാകിസ്താന്റെ അഭിപ്രായമല്ലെന്നും ഹുസൈൻ ഹാറൂന്റെ കുടുംബം നൂറ്റാണ്ടുകളായി പുലർത്തിപ്പോരുന്ന സാമ്രാജ്യത്വ സേവയുടെ പുതിയ പതിപ്പാണെന്നും തുറന്നടിക്കുകയുണ്ടായി. "ബ്രിട്ടീഷുകാരെ ചെറുക്കാനും ഇന്ത്യയെ സ്വതന്ത്രമാക്കാനും ദയൂബന്തിൽ ദാറുൽ ഉലൂം സ്ഥാപിതമായ കാലത്ത് ഹുസൈൻ ഹാറൂന്റെ കുടുംബം ബ്രിട്ടീഷുകാരെ പിന്തുണക്കുകയായിരുന്നു. ആ മനോഭാവം തന്നെയാണ് ഈ പ്രസ്താവനയിലും ഉള്ളത്."

ദയൂബന്തിനെതിരെയുള്ള ആക്രമണം യഥാർഥത്തിൽ ഇസ്‌ലാമിനെയാണ് ലക്ഷ്യം വെക്കുന്നതെന്ന് *ദഅ്‌വത്ത്* ത്രൈദിനത്തിൽ (2008 ഡിസംബർ 28) മൗലാനാ അസ്റാറുൽ ഹഖ് ഖാസിമി എഴുതിയ ലേഖനത്തിൽ സമർഥിക്കുന്നു. ദയൂബന്തിന്റെ ചരിത്രം ഒരു തുറന്ന പുസ്തകമാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ആ സ്ഥാപനം വഹിച്ച പങ്ക് ആർക്കും നിഷേധിക്കാനാവില്ല. മൗലാനാ മഹ്മൂദ് ഹസൻ, മുഫ്തി കിഫായത്തുല്ല, ഹുസൈൻ അഹ്മദ് മദനി, ഹിഫ്സുർറഹ്മാൻ തുടങ്ങിയ ഒട്ടേറെ ദയൂബന്ത് പണ്ഡിതന്മാരും നേതാക്കളും സ്വാതന്ത്ര്യ സമരത്തിന്റെ മുൻനിരയിൽ നിന്നവരാണ്. ഇങ്ങനെയുള്ള ഒരു സ്ഥാപനത്തെയാണ് യാതൊരു തെളിവും നൽകാതെ ഹുസൈൻ ഹാറൂൻ അവഹേളിച്ചിരിക്കുന്നത്. അതിനാൽ പാകിസ്താൻ ഗവൺമെന്റ് ഖേദപ്രകടനം നടത്തുകയും തെറ്റ് തിരുത്തുകയും ചെയ്യണമെന്ന് അസ്റാറുൽ ഹഖ് ആവശ്യപ്പെടുന്നു.

തീവ്ര-മൃദു ഹിന്ദുത്വവാദികൾക്ക് ഇത്തരം പരാമർശങ്ങൾ തങ്ങളുടെ വ്യാജാരോപണങ്ങൾ പൂർവോപരി ശക്തിയോടെ പ്രചരിപ്പിക്കാൻ അവസരമൊരുക്കും എന്നതാണ് ഏറ്റവും വലിയ അപകടം. കോൺഗ്രസ് നേതാവ് വീരപ്പമൊയ്‌ലി അധ്യക്ഷനായ രണ്ടാം ഭരണപരിഷ്കരണ കമീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ വരെ ദയൂബന്തിനെ ഭീകരതയുമായി കണ്ണിചേർക്കാൻ വെമ്പൽ കൊള്ളുന്നത് ശ്രദ്ധിക്കുക. ■

# ഇസ്രയേലികൾ കൊല്ലുന്നു, നായ്ക്കൾ തിന്നുതീർക്കുന്നു!



**“ദൈവമേ,** ഇതുപോലൊരു കാഴ്ച ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല” ഖാഇദ് അബൂ ഔകൽ നിലവിളിച്ചു. ഗസ്സയിലെ ഒരു ആശുപത്രിയാണ് രംഗം. ഖാഇദ് അത്യാഹിത വിഭാഗത്തിലെ ഡോക്ടറാണ്. മേലാസകലം പൊള്ളലേറ്റും കൈകാലുകൾ ഒടിഞ്ഞ് നുറുങ്ങിയും വികൃതമായ ഒട്ടേറെ ശവശരീരങ്ങൾ ദിവസവും കണ്ടുകൊണ്ടിരിക്കുന്ന ഒരാൾ. ശഹദ് എന്ന നാലു വയസ്സുകാരി ഫലസ്ത്വീനി ബാലികയുടെ അവശേഷിച്ച ശരീരഭാഗങ്ങൾ കണ്ടാണ് ഖാഇദ് നിലവിളിച്ചുപോയത്.

ഗസ്സയിലെ ജബാലിയ അഭയാർഥി ക്യാമ്പിന്റെ മുറ്റത്ത് കളിച്ചുകൊണ്ടിരിക്കുമ്പോഴാണ് ശഹദ് ഇസ്രയേലീ ഷെൽ വർഷത്തിൽ പിടഞ്ഞു വീണത്. രക്തത്തിൽ കുളിച്ച് കിടക്കുന്ന മകളെ രക്ഷിക്കാൻ മാതാപിതാക്കൾ ഓടി വന്നെങ്കിലും ഷെൽവർഷത്തിൽ അടുക്കാൻ കഴിഞ്ഞില്ല. മൃതദേഹത്തിന്റെ അടുത്തേക്ക് ആരെങ്കിലും വരുന്നത് കണ്ടാൽ അപ്പോൾ തുടങ്ങും തൊട്ടപ്പുറത്ത് നിന്ന് ഇസ്രയേൽ പട്ടാളക്കാരുടെ വെടിവെപ്പ്. അഞ്ചാറ് ദിവസം ആ പിഞ്ചു ശരീരം അവിടെ കിടന്നു- തെരുവ് നായ്ക്കൾക്ക് കടിച്ചുകീറാനായി.

ഇത് കണ്ട് സഹിക്കാനാവാതെ ശഹദിന്റെ സഹോദരൻ മത്വറും മറ്റൊരു ബന്ധുവായ മുഹമ്മദും രണ്ടും കൽപിച്ച് മൃതദേഹത്തിന്റെ അടുത്തേക്ക് ഓടിവന്നു. അതവരുടെ അവസാനത്തെ നിമിഷമായിരുന്നു. ഇസ്രയേൽ കൊന്നൊടുക്കിയ ആയിരം നിരപരാധികളിൽ അവരും ഉൾപ്പെട്ടു. “കഴിഞ്ഞ പതിനെട്ട് ദിവസത്തിനിടയിൽ പല രീതിയിൽ വികൃതമാക്കപ്പെട്ട ശരീരങ്ങൾ ഞാൻ കാണുകയുണ്ടായി. പക്ഷേ, ഇതുപോലൊന്ന്....” ഖാഇദിന് വാക്കുകൾ മുഴുമിപ്പിക്കാനാവുന്നില്ല.

ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. കൊല്ലുക മാത്രമല്ല, മൃതദേഹത്തെ അതിനീചമായ വിധത്തിൽ അവഹേളിക്കുകയും ചെയ്യുന്നു. ജബാലിയയിൽ തന്നെ അബൂറശാദിന്റെ കുടുംബം കൊല്ലപ്പെട്ട മൂന്ന് ബന്ധുക്കളെ മറമാടുകയായിരുന്നു. അപ്പോഴേക്കും ഇസ്രയേൽ പട്ടാളം വെടിതുടങ്ങി. മൃതദേഹങ്ങൾ അവിടെ ഉപേക്ഷിച്ച് ഓടി രക്ഷപ്പെടുകയേ അവർക്ക് മാർഗമുണ്ടായിരുന്നുള്ളൂ. പിന്നെ പട്ടാളക്കാർ അവരുടെ നായ്ക്കളെ അഴിച്ചുവിട്ടു. മൃതദേഹങ്ങൾ അവ കടിച്ചു കുടഞ്ഞു. ഇതിനേക്കാൾ ഭീകരമായ പൈശാചികത സങ്കൽപിക്കാനാവുമോ? “ഞങ്ങളുടെ മക്കൾ മരിച്ചു. അവരെ മറമാടാൻ പോലും ഞങ്ങൾക്ക് അനുവാദമില്ലേ?” മൃതദേഹങ്ങൾ നായ്ക്കൾ കടിച്ചുകുടയുന്നത് കണ്ട ഒരു ബന്ധു വിലപിച്ചു. ■